## 2023 നവംബർ 8-ാം തീയതി കൂടിയ കേന്ദ്രകമ്മറ്റി തീരുമാനങ്ങൾ

### 1. കേന്ദ്രപരീക്ഷ 2024

2024 ലെ കേന്ദ്രപരീക്ഷക്ക് ഫീസ് ഒരാൾക്ക് കേരളത്തിൽ 20 രൂപയും കേരളത്തിന് പുറത്തുള്ളവർക്ക് 40 രൂപയും ഇന്ത്യക്ക് പുറത്തുള്ളവർക്ക് 150 രൂപയുമാണ്.

17.11.2024 ൽ ഇന്ത്യയിലും 22.11.2024 ൽ ഗൾഫിലും ഉച്ചയ്ക്ക് 1.30 മണി മുതൽ നടത്തേണ്ടതാണ്.

### *2024 സിലബസ്*

**ചിന്താ വിഷയം -** *വിശ്വാസനായകനായ ക്രിസ്തുവിനെ നോക്കുക*
*എബ്രായർ 12:1*

**1. പുസ്തകം -** ***സാക്ഷികളുടെ സമൂഹം***
**2. ലേഖനം -** ***എബ്രായർ***
**3. മന:പാഠ വാക്യങ്ങൾ**
**എബ്രായർ ലേഖനം**
**1:13 2:18 3:12 4:16 9:22 11:1 11:6 12:1 12:2 13:7**

***4. ഗീതം - സൂത്താറായിലെ മാർ അപ്രേമിന്റെ മെമ്രാ*** **(10 സ്റ്റാൻസാ)**

കർത്താവേ കൃപ ചെയ്യണമേ
കൈക്കൊണ്ടടിയാരുടെ കർമ്മം
പൊറുതിയയച്ചരുളണമേ നിൻ
അറയീന്നലിവുമനുഗ്രഹവും
    നിദ്രവെടിഞ്ഞിട്ടുണർവ്വൊടു ഞാൻ
    നിൻ മുൻ നിൽക്കാറാകണമെ
    വീണ്ടുമുറങ്ങുമതിൽ പാപം
    തീണ്ടുകയും ചെയ്യരുതേ ഞാൻ
അക്രമമുണർവ്വിൽ ചെയ്കിൽ ഞാൻ
പോക്കണമേ നാഥാ കൃപയാൽ
നിദ്രയിൽ ഞാൻ പാപം ചെയ്കിൽ
നിൻ കൃപ മോചനമരുളണമേ
    എളിമയെഴും നിൻ കുരിശിനെയോർ-
    ത്തേകണമടിയനു സുഖനിദ്ര
    മായാരൂപക്കാഴ്ചകളിൽ
    പായാതെന്നെ രക്ഷിക്ക
സ്വച്ഛന്ദമുറങ്ങുന്നേരം
ദുശ്ചിന്തകൾ ദുഷ്ടന്മാരും
എന്നെ വന്ന് ഭരിക്കായ്‌വാൻ
ഈ രാവിൽ കാക്കണമെന്നെ
    എൻ ദേഹമശേഷം കാപ്പാൻ

ഏകുക വെളിവിൻ ദൂതനെ നീ
നിൻമെയ് ഞാൻ ഭക്ഷിച്ചതിനാൽ
ദുർമോഹേ വീഴരുതെ ഞാൻ.

ആശ്വാസത്തൊടുറങ്ങുമെനി-
ക്കാവുക നിൻ രക്തം കാവൽ
ഈ നിൻ സദൃശമതാം സൃഷ്ടി-
ക്കേകണമേ നിൻ സ്വാതന്ത്ര്യം

നിൻ കൈവേലയതാം മെയ്മേൽ
നിന്റെ വലംകൈ മേവണമേ
പരിചയ്ക്കൊപ്പം കാക്കുക നിൻ
കരുണക്കോട്ട വളഞ്ഞെന്നെ.

മെയ്യിതുറങ്ങുമ്പോൾ കാവൽ
ചെയ്യണമേ നിന്നുടെ ശക്തി
ഏൽക്കണമെ നൽ ധൂപംപോൽ
എന്റെയുറക്കം തിരുമുമ്പിൽ

നിൻ മാതൃപ്രാർത്ഥനയാലെൻ
ശയ്യയ്ക്കണയരുതേ ദുഷ്ടൻ
സാത്താൻ ഹിംസിക്കാതെന്നെ
നിൻ ബലിയവനെ വിലക്കണമേ.

***5. പ്രാർത്ഥന***

***1. വി.വേദപുസ്തകം വായിക്കുന്നതിനു മുമ്പുള്ള പ്രാർത്ഥന***

കരുണയുള്ള ദൈവമേ! വിശുദ്ധ വേദപുസ്തകത്തെ വായിച്ച് മനസ്സിലാക്കുവാൻ ഞങ്ങളുടെ ഹൃദയകണ്ണുകളെ പ്രകാശിപ്പിക്കണമേ. അതിൽ മറഞ്ഞിരിക്കുന്നതും ഞങ്ങൾക്കു പ്രയോജനം വരുത്തുന്നതുമായ മഹത്വമുള്ള കാര്യങ്ങളെ അറിയുവാനും അതിൽനിന്നും കണ്ടുപിടിപ്പാനും ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം അതിൻപ്രകാരം ജീവിപ്പാനും ഞങ്ങൾക്കു കൃപ നൽകണമേ. കുറിയേലായിസ്സാൻ.

***2. വി.വേദപുസ്തകം വായിച്ചുകഴിഞ്ഞിട്ടുള്ള പ്രാർത്ഥന***

കാരുണ്യവാനായ ദൈവമേ! നീ ഞങ്ങൾക്ക് തന്നിട്ടുള്ള പ്രയോജനകരമായ വി. വേദപുസ്തകത്തിലെ ജീവവചനങ്ങൾക്കുവേണ്ടി നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായേയും ഇപ്പോഴും എപ്പോഴും സ്തുതിച്ച് സ്തോത്രം ചെയ്യുന്നു. ഹാലേലുയ്യാ.

***6. സങ്കീർത്തനം 129***

## ക്വിസ് 2024

ലേഖനം - എബ്രായർ
സഭാചരിത്രം - എഡി.1653 മുതൽ 1912 വരെ.

## 2. ഗ്ലോബൽ കോൺഫറൻസ്

2024 ൽ ഗ്ലോബൽ കോൺഫറൻസ് ഓക്ടോബർ മാസം 11,12,13 തീയതികളിലായി കൽക്കട്ട ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടത്തപ്പെടുന്നതാണ്.
രജിസ്ട്രേഷൻ ഫീസ് ഓരാൾക്ക് 1000/- രൂപ ആയിരിക്കും. ഭദ്രാസന സെക്രട്ടറിമാർ കോൺഫറൻസിന് സംബന്ധിക്കുന്നവരുടെ ലിസ്റ്റ് 2024 മെയ് മാസം 31 നകം കേന്ദ്രഓഫീസിൽ നൽകേണ്ടതാണ്.

## 3.a കലാ മത്സരങ്ങൾ

ക്വിസ് മത്സരം ഒഴികെ മറ്റെല്ലാ മത്സരങ്ങളിലും പങ്കെടുക്കുന്നവരെ മൂന്നു വിഭാഗമാക്കി മത്സരം നടത്തേണ്ടതാണ്.

ജൂണിയർ - 18 വയസ്സു മുതൽ 40 വയസ്സു വരെ
സീനിയർ - 41 വയസ്സു മുതൽ 65 വയസ്സു വരെ
സൂപ്പർ സീനിയർ - 66 വയസ്സു മുതൽ

## b.പഴയസെമിനാരിയിൽ വച്ച് നടത്തുന്ന മത്സരങ്ങൾ

മത്സരത്തിന് പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ജനുവരി 30 നകം കേന്ദ്രഓഫീസിൽ ലഭിക്കേണ്ടതാണ്.
ക്വിസ് മത്സരം ഒഴികെ മറ്റെല്ലാ മത്സരങ്ങൾക്കും പങ്കെടുക്കുന്നവരെ മൂന്നു വിഭാഗമാക്കി മത്സരം നടത്തേണ്ടതാണ്.

ജൂണിയർ - 18 വയസ്സു മുതൽ 40 വയസ്സു വരെ
സീനിയർ - 41 വയസ്സു മുതൽ 65 വയസ്സു വരെ
സൂപ്പർ സീനിയർ - 66 വയസ്സു മുതൽ

***പ്രസംഗ വിഷയം***

**21-ാം നൂറ്റാണ്ടിലെ എന്റെ സഭയും സമൂഹവും**

***ഉപന്യാസം***

**യുദ്ധങ്ങളിൽ ഇരയാക്കപ്പെടുന്ന സ്ത്രീകളും കുഞ്ഞുങ്ങളും-ലോകസമാധാനവും**

***ക്വിസ്***

**ലേഖനം - എബ്രായർ**

**സഭാചരിത്രം - എഡി.1653 മുതൽ 1912 വരെ**

**പ.വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ ജീവചരിത്രവും കാലഘട്ടവും.**

## 4. നേതൃത്വപരിശീലനം 2024

കേരളത്തിനകത്തുള്ള ഭദ്രാസനങ്ങളെ നാലു ഗ്രൂപ്പുകളായി തിരിക്കുകയും 2024 ഏപ്രിൽ 19,20 ദിവസങ്ങളിൽ നാലിടങ്ങളിൽ നേതൃത്വപരിശീലനം നടത്തേണ്ടതാണ്.

<u>ഒന്നാം ഗ്രൂപ്പിൽ ഉൾപ്പെടുന്ന ഭദ്രാസനങ്ങൾ</u>

ബ്രഹ്മവാർ, സുൽത്താൻ ബത്തേരി, മലബാർ, കുന്നംകുളം

<u>രണ്ടാം ഗ്രൂപ്പിൽ ഉൾപ്പെടുന്ന ഭദ്രാസനങ്ങൾ</u>

തൃശ്ശൂർ, അങ്കമാലി, കൊച്ചി, കണ്ടനാട് ഈസ്റ്റ്, കണ്ടനാട് വെസ്റ്റ്

മൂന്നാം ഗ്രൂപ്പിൽ ഉൾപ്പെടുന്ന ഭദ്രാസനങ്ങൾ

കോട്ടയം, കോട്ടയം സെൻട്രൽ, ഇടുക്കി,നിലക്കൽ, തുമ്പമൺ, നിരണം

നാലാം ഗ്രൂപ്പിൽ ഉൾപ്പെടുന്ന ഭദ്രാസനങ്ങൾ

മാവേലിക്കര, ചെങ്ങന്നൂർ, അടൂർ കടമ്പനാട്, കൊട്ടാരക്കര പുനലൂർ, കൊല്ലം, തിരുവനന്തപുരം

## 5.എല്ലാ ഭദ്രാസനങ്ങളിലും ആരോഗ്യബോധവത്കരണം നടത്തേണ്ടതാണ്.

പരുമല ഹോസ്പിറ്റലിൽ നിന്നുള്ള ടീം ബോധവൽക്കരണസെമിനാർ നടത്താമെന്ന് അറിയിച്ചിട്ടുണ്ട്.

## 6.സ്നേഹസ്പർശം

ഓരോ ഭദ്രാസനവും സ്നേഹസ്പർശത്തിന് 50000/- രൂപയിൽ കുറയാത്ത തുക നൽകേണ്ടതാണ്.

## 7. വനിതാദീപ്തി

പരമാവധി വരിസംഖ്യ എടുപ്പിക്കുന്നതിന് യൂണിറ്റ് തലം വരെ എല്ലാ സെക്രട്ടറിമാരും ശ്രദ്ധിക്കേണ്ടതാണ്.

## 8. ഓൺലൈൻ മീറ്റിംഗ്

2024 ജനുവരി 12-ാം തീയതി വെള്ളിയാഴ്ച ഇന്ത്യൻ സമയം രാവിലെ 6.30 ന് എല്ലാം ഭദ്രാസനങ്ങളിലെയും വൈസ് പ്രസിഡന്റുമാരായ ബഹുമാന്യരായ വൈദികരുടെയും കേന്ദ്ര കമ്മറ്റി അംഗങ്ങളുടെയും ചേർന്നുള്ള ഓൺലൈൻ മീറ്റിംഗ് ഉണ്ടായിരിക്കുന്നതാണ്.

## 9. 2023 കേന്ദ്രപരീക്ഷ ഫലപ്രഖ്യാപനം

2023 കേന്ദ്രപരീക്ഷയുടെ ഫലപ്രഖ്യാപനം എല്ലാ ഭദ്രാസനങ്ങളിലും **2023 ഡിസംബർ 10-ാം തീയതിയോ** അതിനുശേഷമോ മാത്രമായിരിക്കണമെന്ന് തീരുമാനിച്ചു.

**ഡിസംബർ 18**-ാം തീയതിക്കകം ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനം ലഭിച്ചവരുടെ ഉത്തരകടലാസ് കേന്ദ്രഓഫീസിൽ എത്തിക്കുവാനുള്ള ക്രമീകരണം ഭദ്രാസനസെക്രട്ടറിമാർ ചെയ്യേണ്ടതാണ്.

***സർട്ടിഫിക്കേറ്റ് എഴുതുന്നതിനായി പേര്, ഇടവകയുടെ പേര്, സ്ഥലം, ഗ്രേഡ് എന്നിവ കൃത്യമായി ഇംഗ്ലീഷിൽ തന്നെ എഴുതി pdf ആയി മെയിലിലോ അല്ലെങ്കിൽ പോസ്റ്റിൽ അയച്ചു തരുകയോ ചെയ്യേണ്ടതാണ്.***

***മേരി മാത്യു***